## പതിനാലാം കേരളനിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2709** **17.10.2016-ൽ മറുപടിക്ക്**

### നിർഭയ കേരളം സുരക്ഷിത കേരളം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എ.പി.അനിൽകുമാർ<br>ശ്രീ. എം.വിൻസെന്റ്<br>ശ്രീ.അൻവർ സാദത്ത് | | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) | സംസ്ഥാനത്ത് ആഭ്യന്തര വകുപ്പ് നിർഭയ കേരളം സുരക്ഷിത കേരളം എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | (എ) | സംസ്ഥാന സർക്കാർ സാമൂഹ്യനീതി, ആഭ്യന്തരം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ 'നിർഭയ കേരളം സുരക്ഷിത കേരളം' എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്; | (ബി) & (സി) | സ്കൂൾ-കോളേജ് ക്യാമ്പസുകളിൽ പെൺകുട്ടികൾക്ക് അപ്രതീക്ഷിതവും പ്രതികൂലവുമായ സാഹചര്യങ്ങളെ തന്റേടത്തോടെ നേരിടുന്നതിനും, കുറ്റകൃത്യങ്ങൾക്കെതിരെ പ്രതികരിക്കാനുമുള്ള പരിശീലനവും, അവബോധവും നൽകുന്നതും ആണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആയതിന്റെ ഭാഗമായി ബോധവൽക്കരണ ക്ലാസുകളും വുമൺ സെൽഫ് ഡിഫൻസ് ടെക്നിക് (WSDT) പരിശീലനവും കൊടുത്തു വരുന്നു. സ്ത്രീകളെയും, കുട്ടികളെയും ഭിക്ഷാടനത്തിനും, വേശ്യാവൃത്തിയ്ക്കുമായി കടത്തി കൊണ്ടുപോകുന്നത് കണ്ടെത്തുന്നതിനും, നിയന്ത്രിക്കുന്നതിനുമായി Anti Human Trafficking Unit-കൾ (AHTU) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. Anti Human Trafficking Unit-ന്റെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം സ്പെഷ്യൽ ഡ്രൈവുകൾ നടത്തിയും, ജനങ്ങളെ ബോധവത്കരിച്ചും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നു. ഈ പദ്ധതിയുടെ പേരിൽ പ്രത്യേകമായി കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |
| (സി) | പദ്ധതി നടപ്പിൽ വരുത്തുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നും എത്ര കേസ്സുകളിൽ ഇതനുസരിച്ച് നടപടികൾ എടുത്തിട്ടുണ്ടെന്നും വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ